# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലമേൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.3/176/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/02/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.3/176/2023 തീയ്യതി: 23/02/2023

## ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-05-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജീവ് .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-01-2023 | 11-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-01-2023 | 11-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജയകൃഷ്ണ.ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.മനേഷ് കുമാർ.ജി.(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.സുനിൽ കുമാർ.ജി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബി.വിനോദ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ | സെക്രട്ടറി | 01-04-2021 | 30-06-2021 |
| ദീപ്തി നായർ | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജശ്രീ.പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഷിബു.കെ.എസ്സ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഇന്ദുലേഖ.ജി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഷാരോൺ ദാസ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2021 | 31-03-2022 |
| ഷബാന.എ | മൈഡിക്കൽ ഓഫിസർ((ഹോമിയോ) | 01-04-2021 | 31-03-2022 |
| ജയശ്രീ.എൽ | അസിസ്റ്റന്റ് എൻജീനിയർ | 01-04-2021 | 31-03-2022 |
| ബിന്ദു.എസ്സ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| മാളവിക.സി.എസ്സ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| വികാസ് ജേക്കബ്ബ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | വാടക പിരിവ് കാര്യക്ഷമമല്ല ഗണ്യമായ കുടിശ്ശിക നിലനിൽക്കുന്നു | 1-10 |
| 12 | വാടക അടയ്ക്കുന്നതിൽ തുടർച്ചയായ വീഴ്ച – തറ വാടക നൽകാതെ പഞ്ചായത്തിന്റെ പാർക്കിംഗ് സ്ഥലം കൈയ്യേറി ഉപയോഗിക്കുന്നു | 1-11 |
| 13 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല - ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 14 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യമായി പിരിച്ചെടുത്തില്ല | 1-13 |
| 15 | പെട്രോൾ പമ്പിന്റെ കനോപ്പി ഭാഗത്തെ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല. | 1-14 |
| 16 | ഇ-പേയ്മെന്റ് അക്കൌണ്ട്-പലിശ നഷ്ടപ്പെടുന്നു | 1-15 |
| 17 | ആധുനിക ഹൈജീൻ ഫിഷ് മാർക്കറ്റ്-നിർമ്മാണം പൂർത്തിയാക്കി 4വർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചില്ല | 1-16 |
| 18 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നില്ല | 1-17 |
| 19 | നിയമന വ്യവസ്ഥകൾക്ക് വിരുദ്ധമായി നിലവിലില്ലാത്ത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ദീർഘകാലമായി നിയമനം തുടരുന്നു | 1-18 |
| 20 | ബയോ കമ്പോസ്റ്റർ ബിൻ വാങ്ങൽ - ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചില്ല | 1-19 |
| 21 | 2021-22ലെ വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല. | 1-20 |
| 22 | ഐ.കെ.എം. വിഹിതത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-21 |

| | | |
|---|---|---|
| 23 | ഡെപ്പോസിറ്റ് ചെയ്ത തുകകൾ പ്രയോജനപ്രദമല്ലാതെ എജൻസികളിൽ അവശേഷിക്കുന്നു | 1-22 |
| 24 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | 1-23 |
| 25 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൂടി കൈപ്പറ്റി - തുക തിരികെ ഈടാക്കിയില്ല | 1-24 |
| 26 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- സോഴ്സ് ഡിഡക്ഷനായി ആദായ നികുതി ഈടാക്കിയില്ല | 1-25 |
| 27 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-26 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് മരുന്ന് വാങ്ങൽ - ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല | 1-27 |
| 29 | തെരുവ് വിളക്ക് - വൈദ്യുതി ചാർജ്ജ് നിർണ്ണയത്തിൽ കൃത്യതയില്ല, സംയുക്ത പരിശോധന നടത്തിയില്ല | 1-28 |
| 30 | കറവപ്പശു വിതരണം - അപേക്ഷകളും രേഖകളും കൃത്യമാക്കി സൂക്ഷിക്കുന്നില്ല | 1-29 |
| 31 | തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ സപ്ലൈ-ജി.എസ്.ടി, ആദായ നികുതി എന്നിവ കുറവ് വരുത്തുന്നില്ല | 1-30 |
| 32 | കാലി ബാരൽ-ജി.എസ്.ടി ഇനത്തിൽ കുറവ് വരുത്തിയ തുക ഒടുക്ക് വരുത്തിയില്ല | 1-31 |
| 33 | കാലിബാരൽ -ജി.എസ്.ടി ഈടാക്കിയില്ല | 1-32 |
| 34 | തൊഴിലുറപ്പ് പദ്ധതി ഡിസ്‌പ്ലേ ബോർഡുകൾ- കൊട്ടേഷൻ ക്ഷണിച്ചിട്ടില്ല | 1-33 |
| 35 | വർഷങ്ങൾക്ക് മുമ്പ് ഭവന നിർമ്മാണത്തിനായി ഭൂമി ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-34 |
| 36 | പ്രോജക്ടുകളുടെ നിർവ്വഹണം കാര്യക്ഷമമല്ല | 1-35 |
| 37 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-36 |
| 38 | അക്കൗണ്ടുകൾ നിഷ്ക്രിയമായി വർഷങ്ങളായി നിലനിൽക്കുന്നു | 1-37 |
| 39 | പ്രൊക്യൂർമെന്റ് കമ്മിറ്റി തുടർപ്രവർത്തനം നടക്കുന്നില്ല | 1-38 |
| 40 | ദുരിതാശ്വാസ അക്കൌണ്ട് നിഷ്ക്രിയമായി നിലനിൽക്കുന്നു. | 1-39 |
| 41 | കെട്ടിടങ്ങളുടെ ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കിയ രേഖകൾ ഹാജരാക്കാത്ത കെട്ടിട ഉടമകൾക്ക് നികുതി നിർണ്ണയിച്ച് നമ്പർ നൽകി. | 1-40 |
| 42 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം | 1-41 |
| 43 | അംഗനവാടി - അവലോകനം | 1-42 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികയുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20/02/2021 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു (ബഡ്ജറ്റ് റിവിഷൻ15/03/2022)

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 356547204* | 350490000 |
| വാർഷിക കണക്ക് പ്രകാരം | 199412754 | 202729964 |

*മുന്നിരിപ്പ് 26925654 ഉൾപ്പടെ

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധന

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയുമായി ബന്ധപ്പെട്ട കണ്ടെത്തിയ പൊരുത്തക്കേടുകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് ഫണ്ടിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്ന (B-7) ഡെപ്പോസിറ്റുകളുടെ ആകെ തുക – 1,208,657 രൂപയാണ്. എന്നാൽ ഇതിനാധാരമായ കണക്കുകൾ സൂക്ഷിക്കുന്ന രജിസ്റ്ററിൽ തുകകളുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ധനകാര്യ പത്രികയിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല.

2) വസ്തുനികുതി(റസിഡൻഷ്യൽ)-

| | | |
|---|---|---|
| ഡിമാന്റ് പ്രകാരമുള്ള ആകെതുക | (I-I Schedule) | 2,702,757 |
| വസ്തു നികുതി ഇനത്തിൽ ലഭിച്ച തുക | (RP-43) | 2,391,307 |
| അഡ്വാൻസ് വരവ് | (RP-36) | 14616 |
| ബാലൻസ് തുക | (B-15) | 2,75,646 |

യഥാർത്ഥ ബാലൻസ് തുക 296834 രൂപയാണ്. ബാലൻസ് തുക രേഖപ്പെടുത്തിയതിൽ 21188 രൂപയുടെ വ്യത്യാസം കാണുന്നു.വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

3)വസ്തു നികുതി (നോൺ റസിഡൻഷ്യൽ)-

| | | |
|---|---|---|
| ഡിമാന്റ് തുക | (I-I Schedule) | 19,48,761 |
| ലഭിച്ച തുക | (RP-43) | 1712184 |
| ബാലൻസ് തുക | (B-15) | 24747 |

ബാലൻസായി ലഭിക്കാനുള്ള നികുതി തുക 24747 രൂപ മാത്രമാണ്. എന്നാൽ 10902 രൂപ അധിക മായി ലഭിക്കാനുണ്ട് എന്ന് B-15 പ്രകാരം കാണിക്കുന്നു. തുകകളിലെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

4)വാടക ഇനത്തിലെ തുക (ബിൽഡിംഗ്സ്)

| | | |
|---|---|---|
| ഡിമാന്റ് തുക | (I-I Schedule) - | 5,55,200 |
| ലഭിച്ച തുക | (RP-43) | 4,88,624 |
| അഡ്വാൻസ് വരവ് | (RP-36) | 00 |
| ബാലൻസ് തുക | (B-15) | 66576 |

എന്നാൽ ഇതിനാധാരമായ കണക്കുകൾ സൂക്ഷിക്കുന്ന രജിസ്റ്ററിൽ തുകകളുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ധനകാര്യ പത്രികയിലെ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല.

5)തൊഴിൽ നികുതി (എംപ്ലോയീസ്)

| | | |
|---|---|---|
| ഡിമാന്റ് തുക | (I-I Schedule) | 1151670 |
| ലഭിച്ച തുക | (RP-I) | 1114420 |
| ബാലൻസ് തുക | (B-15) | 2500 |

| | |
|---|---|
| റജിസ്റ്റർ പ്രകാരമുള്ള തൊഴിൽ നികുതി ഡിമാന്റ് | 1151670 |
| കളക്ഷൻ | 1151670 |
| ബാലൻസ് | 00 |

അക്കൌണ്ട്സും റജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തുകകൾ കൃത്യമാക്കേണ്ടതാണ്.

ബാലൻസായി ലഭിക്കാനുള്ള നികുതി തുക 37250 രൂപയാണ്. എന്നാൽ 2500 രൂപ മാത്രമാണ് ലഭിക്കാനുള്ളത് എന്ന് B-15 പ്രകാരം കാണിക്കുന്നു.

6)RP 40(b) പ്രകാരം ടോട്ടൽ സാനിട്ടേഷൻ ഇനത്തിലെ ബാലൻസ് ADCB- 238010 SBI -3041026 രൂപയുൾപ്പടെ ആകെ 3279036 രൂപയാണ് ഉള്ളത്. എന്നാൽ B-4 പ്രകാരം 3406749 രൂപ അവശേഷിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 127713 രൂപ ബാലൻസ് ഷീറ്റിൽ അധികമായി അവശേഷിക്കുന്നു. വ്യത്യാസം ക്രമപ്പെടുത്തി അറിയിക്കേണ്ടതാണ്.

7) സെൻട്രൽ ഫിനാൻസ് കമ്മീഷൻ തുകയുടെ ബാലൻസ് RP-40(b) പ്രകാരം 4920324 രൂപയാണ്. എന്നാൽ B 4 പ്രകാരം Tied -4039809 രൂപയും Untied 877515 രൂപയും അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 3000രൂപB4 ഷെഡ്യൂളിൽ അവശേഷിക്കുന്നതായി കാണുന്നു. വ്യത്യാസം ക്രമപ്പെടുത്തി അറിയിക്കേണ്ടതാണ്.

8)സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വരവുചെലവുകളെ ക്കുറിച്ച് ഇൻകം ആന്റ് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. I 6 ഷെഡ്യൂൾ പ്രകാരം തൊഴിലില്ലായ്മ വേതനവും, വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായവും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന സാമൂഹ്യക്ഷേമ പെൻഷനുകൾ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച പ്രകാരമുള്ള അപാകതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31400434 |
| വരവ് | 1092522883 |
| ആകെ | 140653317 |
| ചെലവ് | 95280033 |
| നീക്കിയിരിപ്പ് | 45373284 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | ആകെ | നീക്ക് ബാക്കി/ലാപ്സ്ഡ് |
|---|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | | |
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 3787455 | 15223724 | 19011179 | 3787455 | 14901545 | 18689000 | 322179 (ലാപ്സ്ഡ്) |
| വികസനഫണ്ട് എസ്.സി.പി. | 0 | 1163879 | 12320428 | 13484307 | 1163879 | 11678111 | 12841990 | 642317 (ലാപ്സ്ഡ്) |
| വികസനഫണ്ട് ടി.എസ്.പി. | 0 | ----- | 27400 | 27400 | --- | ---- | | 27400 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ബേസിക്ക്) | 0 | ---- | 3778910 | 3778910 | | 2667663 | 2667663 | 877515 ബാങ്ക്( പലിശ 65178 ഉൾപ്പടെ) 233732 (ലാപ്സ്ഡ്) |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | --- | 12278103 | 12278103 | -- | 1180191 | 1180191 | 4039809 (ബാങ്ക്) 7058103 (ലാപ്സ്ഡ്) |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | ---- | 184361578 | 184361578 | -- | 8888618 | 8888618 | 10672960 (ലാപ്സ്ഡ്) |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | | 8396606 | 8396606 | -- | 3486366 | 3486366 | 4910240 (ലാപ്സ്ഡ്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 154 | 191188767 | 97 | 76560067 | - | 57 | 62.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 448420.75 | 838859 | 1287280 | 1284609 | 2670.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 00 | 104423000 | 104423000 | 104423000 | 00 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 59880 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 6341300 | 441 |
| വിധവാപെൻഷൻ | 24580400 | 1648 |
| വാർദ്ധക്യകാലപെൻഷൻ | 50097000 | 3871 |
| വികലാംഗപെൻഷൻ | 6129900 | 403 |
| അവിവാഹിതപെൻഷൻ | 948400 | 59 |
| വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2023-തീയതിയിൽ 3:00 PM -ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,836/-രൂപയുടെ ക്യാഷ്ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ വന്നിട്ടുള്ള വീഴ്ചകൾ മൂലം ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് വർഷം സംഭവിച്ചതായി നിരീക്ഷിക്കപ്പെട്ടു. വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.ഡെപ്പോസിറ്റ് ഇനത്തിൽ കാലഹരണപ്പെട്ട തുകകൾ യഥാസമയം മുതൽക്കൂട്ടുന്നില്ല

2.ഗ്രൗണ്ട് വാട്ടർ വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവർക്ക് വിവിധ പ്രവർത്തികൾക്ക് നിക്ഷേപമായി നല്കിയ ഭീമമായ തുക ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടാതെ അവശേഷിക്കുന്നതിൽ തുടർനടപടികൾ ആവശ്യമാണ്

3.ഇ-പേമെന്റിനുള്ള കറന്റ് അക്കൌണ്ടിൽ അവശഷിക്കുന്ന തുക ഒരു നിശ്ചിത തുക നിലനിർത്തിക്കൊണ്ട് യഥാസമയം സേവിംഗ്സ് അക്കൌണ്ടിലേക്ക് മാറ്റി പലിശ വരവ് ഉറപ്പാക്കേണ്ടതുണ്ട്

4.ദുരിതാശ്വാസ നിധി നിർജ്ജീവമാണ്

5.സെക്രട്ടറി, അസി.എഞ്ചിനീയർ മുതലായ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാകുന്നില്ല

6.മരാമത്ത് വിഭാഗം, തൊഴിലുറപ്പ് വിഭാഗം, മുതലായി സെക്രട്ടറി അടക്കം വിവിധ നിർവ്വഹണോദ്യോഗസ്ഥരിലൂടെ നിറവേറ്റപ്പെടുന്ന പ്രോജക്ടുകളിൽ ജി.എസ്.ടി, ആദായ നികുതി മുതലായ കേന്ദ്ര-സംസ്ഥാന സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ട തുകകൾ കിഴിവ് വരുത്തി ഒടുക്കുന്നതിൽ വീഴ്ച വരുന്നുണ്ട്

7.സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ഗുണഭോക്താക്കൾ മരണപ്പെടുന്ന മുറയ്ക്ക് കൃത്യമായി പെൻഷൻ ആനുകൂല്യങ്ങൾ സസ്പെൻഡ് ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്

8.തെരുവ് വിളക്ക് മീറ്ററിംഗ് സംവിധാനം പ്രാവർത്തികമാക്കേണ്ടതുണ്ട്. തെരുവ് വിളക്കുകൾ സംബന്ധിച്ച കൃത്യമായ കണക്കുകളും സൂക്ഷിക്കേണ്ടതാണ്

9.സർക്കാർ അംഗീകാരമില്ലാതെ ദിവസ വേതനത്തിൽ വർഷങ്ങളായി നിയമനം തുടരുന്നു

10.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കപ്പെട്ടിട്ടില്ല, നിരവധി വ്യാപാര വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിച്ചുവരുന്നു

11.വാടക പിരിവ് കാര്യക്ഷമമല്ല

12.വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ ഫയൽ സൂക്ഷിക്കൽ കാര്യക്ഷമമല്ല

13.മുൻവർഷങ്ങളിൽ ഭവന നിർമ്മാണ പദ്ധതികളിൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കപ്പെടാതെ വന്നിട്ടുള്ളതായി നിരീക്ഷിക്കപ്പെട്ടു.

## 1-10 വാടക പിരിവ് കാര്യക്ഷമമല്ല ഗണ്യമായ കുടിശ്ശിക നിലനിൽക്കുന്നു

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ തൻവർഷ കുടിശ്ശിക 66576/-രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയിനത്തിൽ 148361/- രൂപയുമുൾപ്പെടെ ആകെ 214937/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കിയതായി രേഖയില്ല. 2021-22 ൽ ഏതാനും കടമുറികൾ ഒഴിഞ്ഞ് കിടന്നിരുന്നുവെങ്കിലും ഒഴിഞ്ഞ് കിടന്ന മുറികൾ യഥാസമയം ലേലത്തിന് നൽകാൻ നടപടി സ്വീകരിച്ചില്ല. വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/6.1.2023) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കേണ്ടതും ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ സമയബന്ധിതമായി ലേലത്തിൽ നൽകുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-11 വാടക അടയ്ക്കുന്നതിൽ തുടർച്ചയായ വീഴ്ച – തറ വാടക നൽകാതെ പഞ്ചായത്തിന്റെ പാർക്കിംഗ് സ്ഥലം കൈയ്യേറി ഉപയോഗിക്കുന്നു

ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിന് (19/468 റൂം നം. 10) 2021-22 കാലയളവിൽ 5548/-രൂപ പ്രതിമാസവാടക നിശ്ചയിച്ചിരുന്നു. എന്നാൽ ടി ഓഫീസിൽ നിന്നും ഓഡിറ്റ് വർഷം വാടകയൊന്നും ഒടുക്കിയിട്ടില്ല. മുൻ വർഷങ്ങളിലും ഈ സ്ഥാപനം വാടക ഒടുക്കുന്നതിൽ തുടർച്ചയായ വീഴ്ച വരുത്തിയിട്ടുണ്ട്. നിരവധി കത്തിടപാടുകൾ നടത്തിയതിനു ശേഷം മാത്രമാണ് വാടക ഒടുക്കുവാൻ സ്ഥാപനം സന്നദ്ധമായത്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസുകൾക്ക് പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/6.1.2023) കുടിശ്ശിക സഹിതമുള്ള വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വാടക യഥാസമയം ഈടാക്കാനാവശ്യമായ കർശന നടപടികൾ സ്വീകരിക്കേണ്ടതും തുടർന്നും വീഴ്ച വരുത്തുന്ന പക്ഷം കരാർ പുതുക്കുന്നത് പുന:പരിശോധിക്കേണ്ടതുമാണ്.

തറ വാടക നല്കാതെ പഞ്ചായത്തിന്റെ ഇന്റർലോക്ക് ചെയ്ത പ്രധാന മുറ്റവും പാർക്കിംഗ് സ്ഥലവും ഷെഡും കൈയ്യേറി കെ.എസ്.ഇ.ബി യുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ (ട്രാൻസ് ഫോമർ, കമ്പി, കേബിളുകൾ, മറ്റ് ഉപയോഗശൂന്യമായ ലോഹ ഉപകരണങ്ങൾ) കൂട്ടിയിട്ടിരിക്കുന്നതിനാൽ പഞ്ചായത്തിന്റെ പരിസരം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാണ്(ചിത്രം കാണുക)




തറ വാടക ഈടാക്കാത്തപക്ഷം ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ ഉപകരണങ്ങൾ പഞ്ചായത്തിന്റെ പാർക്കിംഗ് പ്രദേശത്തു നിന്ന് ഒഴിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല - ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഓഡിറ്റ് വർഷം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2021-22 ൽ ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയും ഫീസടക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ (പട്ടിക ക്രമ നം.149) അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം.139), പാൽ സൊസൈറ്റികൾ (ക്രമ നം.132) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകളിൽ നിന്നും ലൈസൻസ് ഫീസീടാക്കിയിട്ടില്ല.

ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികൾ സ്വീകരിച്ചതായും വിവരങ്ങൾ ലഭ്യമല്ല. ഉദാഹരണമായി ആദിക്കാട്ടുകുളങ്ങര കേന്ദ്രീകരിച്ച് മോട്ടോർ വാഹനങ്ങളുടെ സ്ക്രാപ്പ് (ആക്രി) വിൽപ്പനശാലകൾ ധാരാളമായി പ്രവർത്തിക്കുന്നുണ്ട്. കെ.പി. റോഡിന് ഇരുവശവുമായി ഇത്തരം പത്തിലേറെ ആക്രിക്കടകൾ തിരിച്ചറിയാനാവശ്യമായ കടകളുടെ പേരുകൾ എഴുതിയ ബോർഡുകൾ ഒന്നും ഇല്ലാതെ പ്രവർത്തനം നടത്തി വരുന്നതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി(ചിത്രം1,2കാണുക) അവയിൽ നിന്നും നാളിതുവരെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇപ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈസൻസിന് അപേക്ഷിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനാവശ്യമായ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിച്ചതായി രേഖയില്ല.

| ചിത്രം-1.സ്ക്രാപ്പ് കട | ചിത്രം-2.സ്ക്രാപ്പ് കട |
|---|---|
|  |  |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/6.1.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യമായി പിരിച്ചെടുത്തില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം സ്ഥാപന തൊഴിൽ നികുതിയിനത്തിൽ തൻവർഷകുടിശ്ശിക 2500/- രൂപയും അരിയർ ഇനത്തിൽ 22360/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി, അവയിലെ ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവയും പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി, | അർദ്ധവർഷം |
|---|---|---|---|
| 1. | വില്ലേജ് ഓഫീസ്, പാലമേൽ | ജീവനക്കാരുടെ തൊഴിൽ നികുതി | 2 |
| 2. | CBMHSS, നൂറനാട് | ജീവനക്കാരുടെ തൊഴിൽ നികുതി | 2 |
| 3. | എസ്.ബി.ഐ, നൂറനാട് | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 2 |
| 4. | കൊശമറ്റം, നൂറനാട് | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 2 |
| 5. | മുത്തൂറ്റ് ഫിൻ കോർപ്പ്, കുടശ്ശനാട് | സ്ഥാപന തൊഴിൽ നികുതി | 2 |
| 6. | ഇടവന ഫിനാൻസ് | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1 & 2 |
| 7. | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 2 |

മേൽ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ കൃത്യമായി പിരിച്ചെടുക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/10.01.2023)മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 പെട്രോൾ പമ്പിന്റെ കനോപ്പി ഭാഗത്തെ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിലുള്ളത് 2 ഫ്യൂവൽ സ്റ്റേഷനുകളാണ്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിന് നിശ്ചയിക്കാവുന്നതാണ്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 40 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത്. സംസ്ഥാനപാതകൾക്ക് സമീപമായി സ്ഥിതിചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് ഇവയെല്ലാമെന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം, ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി

ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നം | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|
| ആനന്ദൻ, സരസ്വതിഭവനം | 19/617A | 75m2 | 518 |
| ടെറിട്ടറി മാനേജർ ബിപിസിഎൽ | 12/151 | 53m2 | 648 |

ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന് നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കേണ്ടതാണ്.

## 1-15 ഇ-പേയ്മെന്റ് അക്കൌണ്ട്-പലിശ നഷ്ടപ്പെടുന്നു

എസ്.ബി.ഐ നൂറനാട് ബ്രാഞ്ചിലുള്ള അക്കൌണ്ട് നം.62382127876-പ്രകാരമുള്ള ഇ-പേയ്മെന്റ് അക്കൌണ്ട് കറന്റ് അക്കൌണ്ട് ആണ്. ഇതിൽ ഓഡിറ്റ് വർഷാവസാനം(31.03.2022)ബാങ്ക് ബുക്ക് പ്രകാരം 12,36,513/-രൂപയാണ് നീക്കിയിരിപ്പുള്ളത്. ടി അക്കൌണ്ടിൽ നിന്ന് ഇതനുസരിച്ചുള്ള ചെലവ് വരുന്നില്ലെന്നും കാണുന്നുണ്ട്.ഇപ്രകാരം ഉയർന്ന തുക കറന്റ് അക്കൌണ്ടിൽ നിലനിൽക്കുന്നത് മൂലം പലിശ ഇനത്തിൽ വരവ് നഷ്ടം സംഭവിക്കുന്നുണ്ട്. കറണ്ട് അക്കൌണ്ടിൽ ആവശ്യമായ ബാലൻസ് നിലനിർത്തി ബാക്കിയുള്ള തുക പിൻവലിച്ച് സേവിംഗ്സ് അക്കൌണ്ടായുള്ള തനത്ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റി പലിശ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-16 ആധുനിക ഹൈജീൻ ഫിഷ് മാർക്കറ്റ്-നിർമ്മാണം പൂർത്തിയാക്കി 4വർഷം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചില്ല

പാലമേൽ ഗ്രാമപഞ്ചായത്തിലെ ആദിക്കാട്ടുകുളങ്ങര ജംഗ്ഷനിൽ, പഞ്ചായത്തിന്റെ 206/6-ാം നം. റീസർവ്വേ വസ്തുവിൽ 554 ച.മീറ്റർ വലിപ്പം വരുന്ന മത്സ്യമാർക്കറ്റ് 2018-19 ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ ധനസഹായത്താൽ നിർമ്മിച്ച ടി കെട്ടിടത്തിന്റെ താഴത്തെ നില 271.80 ചതുരശ്രമീറ്ററിലാണ് നിർമ്മിച്ചിരിയ്ക്കുന്നത്. മത്സ്യവ്യാപാരത്തിനുള്ള ഹാൾ, ഫ്രീസർ റൂം, ബാത്ത്റൂം എന്നിവ അടങ്ങിയതാണ് താഴത്തെ നില. 271.28 ച.മീറ്റർ വരുന്ന മുകളിലത്തെ നിലയിൽ സ്റ്റാളായി ഉപയോഗിയ്ക്കാവുന്ന 4 സ്റ്റാൾ റൂം, ഓഫീസു റൂം, വിശ്രമമുറി എന്നിവയുമുണ്ട്. നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 07-01-2019ൽ നിർമ്മാണം പൂർത്തിയാക്കി പാലമേൽ ഗ്രാമപഞ്ചായത്തിന് കൈമാറിയതാണ്(07/01/2019ലെ 106/B/KSCADC/2014 നം. കത്ത് പ്രകാരം)ഈ കെട്ടിടം. ടി കെട്ടിടത്തിന്റെ നമ്പറിംഗ് (07-01-2019 ലെ സി122/19) പൂർത്തിയായതുമാണ്. എന്നാൽ പണി പൂർത്തിയാക്കി കെട്ടിടം കൈമാറി നാല് വർഷമായിട്ടും സ്ഥാപനം ലേലം ചെയ്തു കൊടുക്കുകയോ പ്രവർത്തനം തുടങ്ങുകയോ ചെയ്തിട്ടില്ല. ലക്ഷങ്ങൾ ചെലവഴിച്ച് പണി പൂർത്തിയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും മത്സ്യമാർക്കറ്റ് കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിന് ഫലപ്രദമായ എന്തെങ്കിലും നടപടി പഞ്ചായത്ത് സ്വീകരിച്ചതായി രേഖയില്ല. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ടി മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിക്കാത്ത സാഹചര്യത്തിൽ തനത് വരുമാനവർദ്ധനവിന് ഉതകുന്ന മറ്റ് വ്യാപാരങ്ങൾക്ക് ലേലത്തിൽ നൽകാനും നടപടി സ്വീകരിച്ചില്ല. നിലവിൽ ടി കെട്ടിടത്തിന്റെ ഉദ്ദേശ്യമോ ഉടമസ്ഥതയോ കാണിക്കുന്ന ബോർഡുകൾ ഒന്നും ഇല്ലാതെ, പ്രയോജന രഹിതമായാണ് ടി കെട്ടിടം ഉള്ളതെന്ന് പ്രാദേശിക പരിശോധനയിൽ കണ്ടു. കെട്ടിടത്തിന്റെ പുറമേയുള്ള ഭാഗം സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്ത് വരുന്നതായും ഷട്ടിൽ കോർട്ട് സ്ഥാപിച്ചിരിക്കുന്നതായും കണ്ടു. കൂടാതെ അകവശവും സ്വകാര്യ വ്യക്തികൾ അനധികൃതമായി ഉപയോഗിക്കുന്നതായും കാണുന്നു(ചിത്രം1,2കാണുക)


ചിത്രം-1


ചിത്രം-2

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/10.1.2023) മറുപടി ലഭിച്ചില്ല. മത്സ്യമാർക്കറ്റ് പ്രവർത്തനം നടത്താൻ സാധിക്കുന്നില്ലായെങ്കിൽ അതിലെ കടമുറികൾ മറ്റ് കച്ചവട ആവശ്യങ്ങൾക്ക് ലേലത്തിൽ നൽകി വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് മുതൽക്കൂട്ടുന്നില്ല

ഡെപ്പോസിറ്റ് ഇനത്തിൽ മൂന്ന് വർഷത്തിലേറെയായതും കാലഹരണപ്പെട്ടതുമായ തുകകൾ മുതൽക്കൂട്ടാതെ അവശേഷിക്കുന്നതായി 2021-22ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ചുവടെ ചേർക്കുന്ന തുകകൾ മൂന്ന് വർഷം കഴിഞ്ഞിട്ടുള്ള തുകകളായതിനാൽ കാലഹരണപ്പെട്ടിട്ടുള്ളതാണ് (കെ.എഫ്.സി Vol.1, 56B- പ്രകാരം)

| ഇനം | തുക |
|---|---|
| കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 21710 |
| സപ്ലൈയേഴ്സ് ഇ.എം.ഡി | 71100 |
| ബിഡ്ഡേഴ്സ് ഇ.എം.ഡി | 28750 |
| സപ്ലൈയേഴ്സ് എസ്.ഡി | 50900 |
| ബിഡ്ഡേഴ്സ് എസ്.ഡി | 104400 |

വാർഷിക കണക്ക് (ബി7ഷെഡ്യൂൾ) പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് 39500/-ഉള്ളതായി കാണുന്നുണ്ട്. ഇത് 11/2020ലെ ഡെപ്പോസിറ്റുകൾ ആണ്. ടി തുകയിൽ നിശ്ചിത വോട്ട് ശതമാനം ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഡെപ്പോസിറ്റുകളുള്ളത് എത്രയെന്ന് അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 1/21-22/03.01.23 തീയതി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിശ്ചിത ശതമാനം വോട്ട് നേടിയില്ലാത്ത സ്ഥാനാർത്ഥികളുടെ ഡെപ്പോസിറ്റ് തുക മുതൽക്കൂട്ടാവുന്നതുമാണ്.

വാർഷിക കണക്ക് പരിശോധിച്ചതിൽ മറ്റ് ഡെപ്പോസിറ്റ് ഇനത്തിൽ 2600/-രൂപയും ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 5000/-രൂപയും മുന്നിരിപ്പ് തന്നെ നീക്കിയിരിപ്പ് തുടരുന്നതായി കാണുന്നു.ഇവ കാലഹര പ്പെട്ടവയാണോയെന്ന് പരിശോധിച്ച് ഇവയും മുതൽക്കൂട്ടുന്നതിനുള്ള തുടർ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 നിയമന വ്യവസ്ഥകൾക്ക് വിരുദ്ധമായി നിലവിലില്ലാത്ത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ദീർഘകാലമായി നിയമനം തുടരുന്നു

2018 ഓഗസ്റ്റ് മാസം മുതൽ നാളിതുവരെ പഞ്ചായത്ത് ഓഫീസിൽ ദിവസവേതന വ്യവസ്ഥയിൽ രഞ്ചു. ആർ. എന്ന ഡേറ്റ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. ഹാജർ പുസ്തകം പരിശോധിച്ചതിൽ ഇപ്രകാരം തസ്തികയൊന്നും ഇക്കാലയളവിൽ ഒഴിഞ്ഞ് കിടന്നതായി കാണുന്നില്ല. ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല ഈ നിയമനം നടത്തിയിട്ടുള്ളത്. 2021-22 കാലയളവിൽ ശ്രീമതി. രഞ്ചു. ആർ. 214420/- രൂപ വേതനമിനത്തിൽ വാങ്ങിയിട്ടുണ്ട്. താല്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ദീർഘകാലമായി തുടരാൻ അനുവദിച്ചത് സംബന്ധിച്ചും ബന്ധപ്പെട്ട കമ്മറ്റി തീരുമാനം, പങ്കെടുത്ത കമ്മറ്റി അംഗങ്ങളുടെ വിവരം തുടങ്ങിയവ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/9.01.2023) മറുപടി ഹാജരാക്കിയില്ല. നിയമന വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇല്ലാത്ത തസ്തികയിൽ നിയമിച്ചതുവഴി 2021-22വർഷത്തിൽ പഞ്ചായത്തിനുണ്ടായ അധിക ചെലവ് (214420/- )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-19 ബയോ കമ്പോസ്റ്റർ ബിൻ വാങ്ങൽ - ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചില്ല

പ്രോജ. നം.83/2021-22, നിർമ്മല ഭവനം - ബയോ കമ്പോസ്റ്റർ ബിൻ

അടങ്കൽ - 1800000/-

ചെലവ് - 509400/- (സി.എഫ്.സി)

ബിൽ നം.320/30.03.2022

1000 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റർ ബിൻ വാങ്ങുന്നതിനായി C1-VEO/01/2022/21.01.2022 പ്രകാരം ടെൻഡർ ക്ഷണിക്കുകയും റെയ്ഡ്കോയിൽ നിന്ന് തൻവർഷം 300 ബിൻ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമുണ്ടായി. പ്രസ്തുത ടെൻഡറിൽ 5 സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിക്കുകയും താരതമ്യേന കുറഞ്ഞ നിരക്ക്

ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത റെയ്ഡ്കോയെ കരാർ ഏൽപ്പിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടെൻഡർ സമർപ്പിച്ച സ്ഥാപനം | ക്വോട്ട് ചെയ്ത നിരക്ക്(1000 ബിൻ) |
|---|---|---|
| 1. | റെയ്ഡ്കോ കേരള ലിമിറ്റഡ് | 1698000/- |
| 2. | റാം ബയോളജിക്കൽസ് | 1581000/- |
| 3. | ശുദ്ധി വെയ്സ്റ്റ് കൺവേർഷൻ യൂണിറ്റ് | 1640000/- |
| 4. | പുനർജൽ ഇന്നവേഷൻസ് | 1574000/- |
| 5. | സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ | 1775000/- |

ഇതിൽ ക്രമ നം.2, 3, 4 എന്നീ സ്ഥാപനങ്ങൾ റെയ്ഡ്കോ ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തെങ്കിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത റെയ്ഡ്കോയെ കരാർ ഏൽപ്പിക്കുകയും ചെയ്തു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/6.1.2023) മറ്റുള്ള സ്ഥാപനങ്ങൾക്ക് ജി.എസ്.റ്റി രജിസ്ട്രേഷനും അക്രഡിറ്റേഷനും ഇല്ലായെന്നും 8.2.2022 ലെ 2(1) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം സർക്കാർ അക്രഡിറ്റേഷൻ ഉള്ളതും ജി.എസ്.റ്റി രജിസ്ട്രേഷനും ഉള്ള സ്ഥാപനമായതിനാലാണ് റെയ്ഡ്കോയ്ക്ക് കരാർ നൽകിയതെന്നും ടെൻഡർ നോട്ടീസിൽ ടി വിഷയം രേഖപ്പെടുത്തിയിരുന്നതായും മറുപടി ലഭിച്ചു. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം പ്രൊക്വയർമെന്റ് കമ്മറ്റി പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയില്ല. അക്രഡിറ്റഡ് ഏജൻസിയാണെന്ന ഒറ്റ കാരണത്താൽ ടെൻഡറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളെ ഒഴിവാക്കി കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ കരാർ ഏൽപ്പിച്ച സാഹചര്യത്തിൽ ഗുണനിലവാരം പ്രൊക്വയർമെന്റ് കമ്മറ്റി പരിശോധിച്ച് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് കരാർ നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 2021-22ലെ വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരസ്യതീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം | | നിരക്ക് | ആകെ SGST&CGST @2.5 | ഡിസ്കൗണ്ട് 15% | പ്രൊസീഡിംഗ്സ് നമ്പർ,തീയതി |
|---|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | | |
| 02.12.21 | ദേശാഭിമാനി | 2020-21 ലെ അസിസ്റ്റന്റ് എൻജിനീയറുടെപദ്ധതികൾ നടപ്പിലാക്കുന്നതിന് നൽകിയ പത്രപ്പരസ്യം | 6 | 8 | 180 | 8640 (Sgst-183.6 Cgst-183.6) | 1256 | 255/16.03.22 |
| 11.08.21 | ദേശാഭിമാനി | അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിലേക്ക് വാഹനം വായകയ്ക്ക് എടുക്കുന്നതിനുള്ള പത്ര പരസ്യം | 5 | 8 | 180 | 7200 (Sgst-153 Cgst-153) | 1080 | 254/16.03.22 |
| 01.11.21 | ദേശാഭിമാനി | വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 5 | 8 | 180 | 7200 (Sgst-153 Cgst-153) | 1080 | 272/24.03.22 |
| 01.01.22 | മാതൃഭൂമി | 2021-22 വിവിധ മരാമത്ത് പദ്ധതികളുടെ ടെൻഡർ,റീ ടോൻഡർ, ക്വട്ടേഷൻ മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിക്കുന്നതിനായി | 8 | 5 | 275 | 11550 (Sgst-275 Cgst-275) | 00 | 321/30.03.22 |
| 28.10.21 | ദേശാഭിമാനി | | 5 | 5 | 180 | 4500 (Sgst-95.63 | 675 | 298/30.03.22 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | Cgst-95.63) | | |
| | | | | | | 39,090 | 4091 | |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 എഠ ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം, പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ വലിയ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകൾ പുന:പരിശോധിക്കേണ്ടതും തുടർവർഷങ്ങൾ മേൽ വിഷയം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതുമാണ്.

## 1-21 ഐ.കെ.എം. വിഹിതത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വിവര സാങ്കേതിക വിദ്യയുടെ ഗുണഫലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഇൻഫോർമേഷൻ കേരള മിഷന്റെ 2021-22 സാമ്പത്തിക വർഷത്തെ സ്ഥാപന വിഹിതം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മിഷൻ -ന് നൽകുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഫണ്ടിനം | തുക | ബിൽനമ്പർ/തീയതി |
|---|---|---|---|
| ഐ.കെ.എം വിഹിതം (S0005/22) | തനത് ഫണ്ട് | 1,00,668 | 19/21-22 02.08.21 |

ഇൻഫോർമേഷൻ കേരള മിഷൻ ജില്ലാ ടെക്നിക്കൽ ഓഫീസറുടെ 20.04.2021 ലെ ഐ.കെ.എം/എ 7/ 955/2021 ലെ കത്ത് പ്രകാരമാണ് സ്ഥാപന വിഹിതമായ 1,00,668 രൂപ നൽകിയത്. മിഷൻ 03.08.21 തീയതി പ്രകാരം തുക ലഭ്യമായതിന്റെ രസീത് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമാക്കിയില്ല. പ്രസ്തുത വിവരം 09.01.23ന് ഓഡിറ്റ് എൻക്വയറി നമ്പർ 24/ 2021-22 മുഖേന അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് അടിയന്തിരമായി ഹാജരാക്കുന്നത് വരെ ചെലവഴിച്ച തുകയായ 100668 രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 ഡെപ്പോസിറ്റ് ചെയ്ത തുകകൾ പ്രയോജനപ്രദമല്ലാതെ എജൻസികളിൽ അവശേഷിക്കുന്നു

ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്(13136151/-രൂപ), വാട്ടർ അതോറിറ്റി(1245400/-രൂപ) എന്നീ സ്ഥാപനങ്ങൾക്ക് നല്കിയ മുൻകൂർ തുകയുടെ വിവരം (അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരം ലഭ്യമായ വിവരം)ചുവടെ ചേർക്കുന്നു.

ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്

| ക്രമ നം. | വൌച്ചർ നം./ബിൽ നം. | തുക നല്കിയ തീയതി | നല്കിയ തുക | പ്രോജക്ട് നം& പ്രോജക്ടിന്റെ പേര് |
|---|---|---|---|---|
| 1 | 21400647 | 30.1.14 | 200000 | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ |
| 2 | 21500995 | 31.3.16 | 598547 | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ |
| 3 | 21500595 | 31.3.16 | 19636 | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി |
| 4 | 21600863 | 15.2.17 | 115000 | 102/17, പട്ടിക ജാതി കോളനികളിൽ കുടിവെള്ള |

| | | | | |
|---|---|---|---|---|
| | | | | പദ്ധതികൾ |
| 5 | 21600102 | 25.3.17 | 1258878 | 11/17പട്ടിക ജാതി കോളനികളിൽ കടിവെള്ള പദ്ധതികൾ- രണ്ടാം ഘട്ടം |
| 6 | 216001024 | 25.3.18 | 34090 | 142/18 കൊച്ചുപാലവിള എസ്.സി കോളനി |
| 7 | 21700887 | 31.3.18 | 1200000 | 114/18, തൈക്കാട്ട് വിള കടിവെള്ള പദ്ധതി |
| 8 | 21700888 | 31.3.18 | 1200000 | 128/18പാലവിള കടിവെള്ള പദ്ധതി |
| 9 | 21700895 | 31.3.18 | 1200000 | 129/18 പുതുപ്പറമ്പ് കടിവെള്ള പദ്ധതി |
| 10 | 21700898 | 31.3.18 | 3000000 | 131/18 പട്ടിക ജാതി കോളനികളിൽ കടിവെള്ള പദ്ധതികൾ |
| 11 | 21700934 | 31.3.18 | 1200000 | 130/18 ചാമക്കാല വിള കടിവെള്ള പദ്ധതി |
| 12 | 21700394 | 31.3.18 | 1200000 | 115/18മലയിൽ കടിവെള്ള പദ്ധതി |
| 13 | 21801024 | 21.12.18 | 1910000 | 38/19പട്ടിക ജാതി കോളനികളിൽ കടിവെള്ള പദ്ധതികൾ |
| | | | 13136151/- | |

<u>വാട്ടർ അതോറിറ്റി</u>

| ക്രമ നം. | വൌച്ചർ നം./ബിൽ നം. | തുക നല്കിയ തീയതി | നല്കിയ തുക | പ്രോജക്ട് നം& പ്രോജക്ടിന്റെ പേര് |
|---|---|---|---|---|
| 1 | 21800137 | 28.3.19 | 675000 | 17/20പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |

| | | | | |
|---|---|---|---|---|
| 2 | 21900423 | 1.1.19 | 325000 | 143/20 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| 3 | 220000597 | 30.10.20 | 245400 | 21/20 എസ്.സി.കുടുംബങ്ങളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ |
| | | | 1245400 | |

ഗ്രൌണ്ട് വാട്ടർ വകുപ്പ്, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിലേക്ക് ഇപ്രകാരം വിവിധ പ്രോജക്ടുകൾക്കായി നല്കിയ മുൻകൂർ തുകകൾ നാളിതുവരെ ചെലവായിട്ടില്ലെന്നാണ് വാർഷിക കണക്ക് പ്രകാരം മനസ്സിലാകുന്നത്. വർഷങ്ങളായി ഭീമമായ തുക വിവിധ ഏജൻസികളിൽ ഇപ്രകാരം ഡെപ്പോസിറ്റായി നിലനിൽക്കുന്നു. തുടർ നടപടികൾ സ്വീകരിച്ചിതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട്ഓഡിറ്റ് എൻക്വയറി നമ്പർ 1/21-22/03.01.22 തീയതിയിൽ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.എന്നാൽ ഈ പദ്ധതികളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് സമയ ബന്ധിതമായി ഇവ പൂർത്തീകരിയ്ക്കാനുള്ള ഒരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതും അടിയന്തിര പ്രാധാന്യമുള്ളതുമായ കുടിവെള്ള പദ്ധതികൾ നിക്ഷേപം മാത്രമായി തുടരുന്നത് അംഗീകരിക്കാനാവില്ല.കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിയ്ക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ പാലമേൽ ഗ്രാമ പഞ്ചായത്തിലെ 2021-22 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1. | ശിവരാമപിള്ള | വാർദ്ധക്യ പെൻഷൻ | 104910201060 | 12.05.21 | 30.6.21 | 06/21 മുതൽ 11/22 വരെ | 28800 |
| 2. | ഫാത്തിമ ബീവി | വാർദ്ധക്യ പെൻഷൻ | 104910202550 | 25.11.21 | 10.12.21 | 12/21 മുതൽ 11/22 വരെ | 7200 |
| 3. | കെ.ബാലകൃഷ്ണപിള്ള | വാർദ്ധക്യ പെൻഷൻ | 104910201289 | 16.9.21 | 27.10.21 | 10/21 മുതൽ 09/22 വരെ | 19200 |
| ആകെ | | | | | | | 55200/- |

മേൽപ്പറഞ്ഞ 3 ഗുണഭോക്താക്കളുടേയും പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് കാണുന്നത്. ക്രമ നം. 2 ന് ക്ഷേമനിധി പെൻഷൻ ലഭിക്കുന്നതിനാൽ പ്രതിമാസം 600/- രൂപ നിരക്കിലാണ് വാർദ്ധക്യ പെൻഷൻ നൽകിയിട്ടുള്ളത്. ക്രമ നം. 3 ന്റെ അക്കൗണ്ട് 10/22 ൽ ക്ലോസ് ചെയ്തതിനാൽ 10/22 മുതലുള്ള പെൻഷൻ കൈമാറിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/6.01.2023) മറുപടി ഹാജരാക്കിയില്ല. അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൂടി കൈപ്പറ്റി - തുക തിരികെ ഈടാക്കിയില്ല

മുൻ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്ന 6 ഗുണഭോക്താക്കൾ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ ,8-2-2021ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം

അനർഹമായി തുക കൈപ്പറ്റിയവർ തുക തിരികെ ഒടുക്കാൻ കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിലും തുക തിരികെ അടവാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പെൻഷൻ ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സരസ്സമ്മ, സരസ്വതി നിലയം, മുതുകാട്ടുകര | 104910600291 | 68100/- |
| 2 | രാജമ്മ, സുനിതാ ഭവനം, എരുമക്കുഴി, നൂറനാട് | 104910202317 | 25600/- |
| 3 | പി.എം.ജമാലുകുട്ടി, എൻസൽ മൻസിൽ, ആദിക്കാട്ടുകുളങ്ങര | 104910200851 | 66100/- |
| 4 | നബീസ.കെ.എ, നൂ മൻസിൽ, പണയിൽ, നൂറനാട് | 104910601396 | 48800/- |
| 5 | ഭവാനിയമ്മ.ജെ, കൊച്ചുവിളയിൽ, പണയിൽ | 104910202650 | 75000/- |
| 6 | തങ്കമ്മ.ജി, ശ്രീവിലാസം, പണയിൽ | 1014910201991 | 50200/- |
| ആകെ | | | 333800/- |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/9.01.2023)സാമ്പത്തിക ബുദ്ധിമുട്ടും ചികിത്സയും കാരണമാണ് തുക ഈടാക്കാൻ സാധിക്കാത്തതെന്നും ക്രമ നം. 4 ഗഡുക്കളായി തുക തിരികെ ഒടുക്കുമെന്നും അറിയിച്ചിട്ടുണ്ട്. അനർഹമായി നൽകിയ തുക തിരികെ ഈടാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- സോഴ്സ് ഡിഡക്ഷനായി ആദായ നികുതി ഈടാക്കിയില്ല

പ്രോജ. നം.25/22,

അടങ്കൽ - 378367/-

ചെലവ് - 218890/- വികസന ഫണ്ട് (ജനറൽ)

ബിൽ നം. 2/27.3.2022

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ടിൽ കട്ടിൽ വാങ്ങുന്നതിനായി ടെൻഡർ വിളിച്ച് കുറഞ്ഞ നിരക്ക് (2650+GST=3127/-) ക്വോട്ട് ചെയ്ത AAST MEDI TECH Pvt Ltd എന്ന സ്ഥാപനത്തിന് കരാർ നൽകുകയും 70 കട്ടിലുകൾ വാങ്ങുകയും വികസന ഫണ്ടിൽ നിന്നും 218890/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും ഇത്തരത്തിൽ 2% ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി സ്ഥാപനത്തിൽ നിന്നും സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/7.1.2023) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന (2650x70x2%) 2% തുക (3710/- രൂപ) ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്താനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി - അവലോകനം

(I)ലൈഫ് ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചതു മുതൽ 2021-22വരെ നടപ്പാക്കിയതിന്റെ വിവരം

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും ഭവനം ലഭ്യമാക്കുക, മുൻകാലങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക തുടങ്ങിയവ ലൈഫ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

ലൈഫ് ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചതു മുതൽ 2021-22 വരെ ലക്ഷ്യംവച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ - 273

2021-22 വരെ പൂർത്തിയാക്കിയവയുടെ എണ്ണം - 253

2021-22 ൽ പൂർത്തിയാകാതിരുന്ന ബാക്കി 19 വീടുകൾ സ്പിൽഓവർ പ്രോജക്ടായി 2022-23 ൽ പൂർത്തീകരിച്ചു. അഡ്വാൻസ് തുക (40000/-) കൈപ്പറ്റിയ ഒരു ഗുണഭോക്താവ് മരണപ്പെട്ടുപോയതിനാലും മറ്റ് അവകാശികളാരും തന്നെയില്ലാത്തതിനാലും ഒരു വീടിന്റെ നിർമ്മാണം പൂർത്തിയാക്കാനായില്ല.

(Ii) 2021-22 സാമ്പത്തിക വർഷത്തിലെ ലൈഫ് പദ്ധതി വിശദാംശങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതി പ്രകാരം കരാർ വച്ചതും പൂർത്തീകരിച്ചതുമായ ഭവനങ്ങളുടെ വിശദാംശം വി.ഇ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2021-22 | 7 | 6 | 6 | 4 | 14 | 37 |

Iii) 2021-22ൽ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2021-22 | 9685344 | 2820000 | 7050000 | 1360000 | 4620000 | 25535344 |

## 1-27 കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് മരുന്ന് വാങ്ങൽ - ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

പ്രോജ. നം.78/22, കോവിഡ് പ്രതിരോധ പ്രവർത്തനം - മരുന്ന് വാങ്ങൽ

അടങ്കൽ - 150000/-

ചെലവ് - 146960/- (തനത് ഫണ്ട്)

ചെക്ക് നം. JM5804582/9.9.2021

ടി പ്രോജക്ടിൽ 146960/- രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചെങ്കിലും നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയ 42400/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ചെലവ് രേഖകൾ പൂർണ്ണമായി ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/7.1.2023) മറുപടി ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ഹാജരാക്കാൻ ബാക്കിയുള്ള 104560/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 തെരുവ് വിളക്ക് - വൈദ്യുതി ചാർജ്ജ് നിർണ്ണയത്തിൽ കൃത്യതയില്ല, സംയുക്ത പരിശോധന നടത്തിയില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഉപയോഗം കണക്കാക്കാതെ ഓരോ മാസവും 1.02 ലക്ഷം രൂപ വൈദ്യുതി ബോർഡിൽ അടവാക്കുന്നുണ്ട്. വൈദ്യുതി ചാർജ്ജ് കണക്കാക്കാൻ ആധാരമായ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, വാട്ട്, താരിഫ് എന്നിവ സംബന്ധിച്ച് വൈദ്യുതി ബോർഡിൽ നിന്നുള്ള ആധികാരിക രേഖ ആവശ്യപ്പെട്ടുവെങ്കിലും അധികൃതർ ലഭ്യമാക്കിയില്ല. കെ.എസ്.ഇ.ബി യിൽ തെരുവ് വിളക്ക് മീറ്ററിംഗിനായി 2009-10സാമ്പത്തിക വർഷം 450000/-രൂപ നിക്ഷേപിച്ചിരുന്നു. എങ്കിലും നാളിതുവരെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഉപയോഗത്തിനനുസൃതമായി കൃത്യമായി നിർണ്ണയിക്കുന്നതിന് വൈദ്യുത പോസ്റ്റുകളിൽ ഓട്ടോമിറ്റിക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പ്രവർത്തനക്ഷമമായ തെരുവ് വിളക്ക് സംബന്ധിച്ച് പഞ്ചായത്തും കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതായും രേഖയില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/7.1.2023) മറുപടി ലഭ്യമാക്കിയില്ല. വൈദ്യുത പോസ്റ്റുകളിൽ ഓട്ടോമാറ്റിക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതും സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഉപയോഗത്തിനനുസൃതമായി വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. ടി വിഷയത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-29 കറവപ്പശു വിതരണം - അപേക്ഷകളും രേഖകളും കൃത്യമാക്കി സൂക്ഷിക്കുന്നില്ല

വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ടിൽ അപേക്ഷയും രേഖകളും ക്രമപ്പെടുത്തി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കറവപ്പശു വിതരണത്തിനായി തൻവർഷം 3 പ്രോജക്ടുകളാണ് നടപ്പാക്കിയത് (പ്രോജ.നം.96/22, 20/22, 19/22(വനിത)). അപേക്ഷയില്ലാതെയാണ് പല ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളുടെ ബിൽ, ചെലവ് രേഖകൾ, വിതരണം ഇൻഷ്വറൻസ് രേഖകൾ എന്നിവ ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇൻഷ്വറൻസ് രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല. പശുവിനെ വാങ്ങിയ ഗുണഭോക്താവിന്റേയും വിറ്റയാളിന്റേയും വിശദാംശങ്ങൾ (അക്കൗണ്ട് നമ്പർ ഉൾപ്പെടെ) കൈപ്പറ്റ് രസീതിൽ രേഖപ്പെടുത്തിയിട്ടില്ല. വിറ്റയാളിന്റെ അക്കൗണ്ട് നമ്പർ പല കൈപ്പറ്റ് രസീതിലും തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/10.01.2023) രേഖകൾ ക്രമപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും ഇൻഷ്വറൻസ് രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭിച്ചു. പ്രോജക്ട് ഫയലുകളും രേഖകളും ക്രമപ്പെടുത്തി സൂക്ഷിക്കേണ്ടതും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ സപ്ലൈ-ജി.എസ്.ടി, ആദായ നികുതി എന്നിവ കുറവ് വരുത്തുന്നില്ല

തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ മെറ്റീരിയൽ വർക്കുകളുടെ ഫയൽ പരിശോധിച്ചതിൽ, റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1% ആദായ നികുതിയും, 2.5 ലക്ഷം രൂപയിൽ അധികം നൽകിയ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്സ്.ടിയും കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു .

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇ.ജി.എസ്സ് /16/ആർ.ഇ.ജി.എസ്സ് സർക്കുലറിൽ, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക (എം-ബുക്ക് പ്രകാരം) | ആദായ നികുതി ( 1% ) | ഈടാക്കേണ്ട GST ( 2% ) |
|---|---|---|---|---|---|
| 1 | റേഷൻ കട കരയോഗമന്ദിരം കോൺക്രീറ്റ് റോഡ് നിർമ്മാണം, വാർഡ്3 | വിജയ്കുമാർ | 249732 | 2497 | 4994.6 |
| 2 | പുന്നവിള പടിഞ്ഞാറ് റോഡ് കോൺക്രീറ്റ്, | ആകർഷ് കുമാർ | 350683 | 3507 | 7014 |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 15 | | | | |
| 3 | കത്തോലിക്ക പള്ളി തയ്യിൽ റോഡ്, വാർഡ് 15 | ആകർഷ് കുമാർ | 277464 | 2775 | 5549 |
| 4 | പരോളിൽ ഇടശ്ശേരിത്തറ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 7 | ഗോപാലകൃഷ്ണക്കുറുപ്പ് | 285541 | 2855 | 5711 |
| 5 | ഹരിപ്പാട്ടുശ്ശേരി തട്ടേക്കാട്ട് റോഡ്, വാർഡ് 6 | ഗോപാലകൃഷ്ണക്കുറുപ്പ് | 356225 | 3562 | 7124 |
| 6 | തേവിരേത്ത് മുക്ക് റോഡ് കോൺക്രീറ്റിംഗ്, വാർഡ് 6 | ഗോപാലകൃഷ്ണക്കുറുപ്പ് | 307742 | 3077 | 6155 |
| 7 | തേരുകെട്ടുന്നതിൽ പുളിവേലി കോൺക്രീറ്റ് റോഡ് വാർഡ്5 | ആകർഷ് കുമാർ | 392687 | 3926 | 7854 |
| 8 | സാംസ്കാരിക നിലയം തേരു കെട്ടുന്നതിൽ കോൺക്രീറ്റ് റോഡ് നിർമ്മാണം, വാർഡ്5 | ആകർഷ് കുമാർ | 407689 | 4076 | 8154 |
| 9 | ചാങ്ങയിൽ മുക്ക് കളീക്കൽ കാവിനാൽ കോൺക്രീറ്റ് റോഡ് നിർമ്മാണം, വാർഡ്5 | ആകർഷ് കുമാർ | 382339 | 3823 | 7646 |
| 10 | കഞ്ചുകോട് വളവ് തട്ടത്തുമല റോഡ് കോൺക്രീറ്റിംഗ്, വാർഡ്8 | ഗോപാലകൃഷ്ണക്കുറുപ്പ് | 413678 | 4136 | 8274 |

ആദായ നികുതി, ജി.എസ്.ടി എന്നിവ ഉറവിടത്തിൽ കുറവു ചെയ്യാതെ മുഴുവൻ തുകയും അനുവദിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (മുകളിൽ തുക കണക്കാക്കിയിട്ടുള്ളത് ഫയലിൽ ലഭ്യമായ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്. മെറ്റീരിയൽ ചെലവ് തുക പ്രത്യേകം കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തവയിൽ ബിൽ പ്രകാരമുള്ള തുകയാണ് എടുത്തിട്ടുള്ളത് എന്നതിനാൽ തുക കൃത്യമായി കണക്കാക്കി, ഉദാഹരണങ്ങളായി പറഞ്ഞിട്ടുള്ളത് ഉൾപ്പെടെ എല്ലാ പ്രവർത്തികളിലും ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കാതെ വന്ന നിയമാനുസൃത കിഴിവുകൾ ഈടാക്കേണ്ടതാണ്)

## 1-31 കാലി ബാരൽ-ജി.എസ്.ടി ഇനത്തിൽ കുറവ് വരുത്തിയ തുക ഒടുക്ക് വരുത്തിയില്ല

പാലമേൽ ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ

പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടുന്ന തുക ബില്ലിൽ നിന്നും കുറവ് ചെയ്താണ് പിൻവലിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കപ്പെട്ടുവെങ്കിലും ആയതിന്റെ ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ്(ബാരൽ) | 281 രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത തുക | ജി.എസ്.ടിയിനത്തിൽ ഒടുക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|
| 1 | 36, ലക്ഷം വീട് നാലുമുക്ക് പറങ്കാംവിള ജം.റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 39 | 10959 | 1677 |
| 2 | 40, മാവിളമുക്ക് പരുത്തിക്കുന്നത്ത് റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 22 | 6182 | 946 |
| 3 | 42, എൻ.എസ്.എസ്. കരയോഗം തറയിൽ ജം.റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11 | 3091 | 473 |
| 4 | 112, ഇടയിലത്തറ വാളക്കോട് റോഡ് വാർഡ്12 | എസ്.സി.പി | 10 | 2836 | 430 |
| 5 | 48, കൊല്ലക കിഴക്കേതിൽ തേക്കുള്ളതിൽ റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 23 | 6463 | 989 |
| 6 | 38, ശവക്കോട്ട കനാൽ പാലം റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 21 | 5901 | 903 |
| 7 | 162, കുഴിയത്ത് റോഡ് പുനരുദ്ധാരണം വാർഡ്2 | സി.എഫ്.സി & മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15 | 4215 | 645 |
| | | | | | 6063/- |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം കാലിവീപ്പയുടെ ജി.എസ്.ടി പ്രത്യേകം കണക്കാക്കി പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്താതെ ജി.എസ്.ടി.യുൾപ്പെടുന്ന തുക ബില്ലിൽ കുറവ് ചെയ്തതിനാൽ സംസ്ഥാന/കേന്ദ്ര ജി.എസ്.ടി വകുപ്പുകൾക്ക് ലഭിക്കേണ്ട തുക നഷ്ടമായി. തുക ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 കാലിബാരൽ -ജി.എസ്.ടി ഈടാക്കിയില്ല

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവർത്തികളിൽ കാലിബാരലിന്മേൽ ജി.എസ്.ടി ചുമത്താതെയാണ് കുറവ് വരുത്തി കരാറുകാരന് തുക നല്കിയിട്ടുള്ളത്.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ്(ബാരൽ) | 238 രൂപ നിരക്കിൽ ബില്ലിൽ കുറവ് ചെയ്ത തുക | 18% ജി.എസ്.ടി യിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | കരാറുകാരൻ |
|---|---|---|---|---|---|---|
| 1 | 110, മങ്കുഴി എസ്.എൻ.ഡി.പി മന്ദിരം റോഡ് പുനരുദ്ധാരണം വാർഡ്3 | മെയിന്റനൻസ്(റോഡ്) | 22 | 5236 | 942.48 | മുഹമ്മദ് ഹനീഫ, മണലാടി, ആദിക്കാട്ടുകുളങ്ങര |
| 2 | 121, ശങ്കരത്തിൽമുക്ക് റേഷൻകട റോഡ് പുനരുദ്ധാരണം വാർഡ്1 | മെയിന്റനൻസ്(റോഡ്) | 13 | 3094 | 556.92 | മുഹമ്മദ് ഹനീഫ, മണലാടി, ആദിക്കാട്ടുകുളങ്ങര |
| 3 | 111, വടക്കേതല കരിങ്ങാലിച്ചാൽ റോഡ് പുനരുദ്ധാരണം വാർഡ്5 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 19 | 4522 | 813.96 | മുഹമ്മദ് ഹനീഫ, മണലാടി, ആദിക്കാട്ടുകുളങ്ങര |
| 4 | 108, ഇടിഞ്ഞയ്യത്ത് ജം.ചെന്നായ്ക്കാട് റോഡ് പുനരുദ്ധാരണം വാർഡ്14 | തനത്& മെയിന്റനൻസ് ഗ്രാന്റ് റോഡ് | 30 | 7140 | 1285 | മുഹമ്മദ് ഹനീഫ, മണലാടി, ആദിക്കാട്ടുകുളങ്ങര |
| | | | | | 3598.36/- | |

കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 തൊഴിലുറപ്പ് പദ്ധതി ഡിസ്പ്ലേ ബോർഡുകൾ- കൊട്ടേഷൻ ക്ഷണിച്ചിട്ടില്ല

തൊഴിലുറപ്പ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ മെറ്റീരിയൽ വർക്കുകളുടെ ഫയൽ പരിശോധിച്ചതിൽ പൊതു പ്രവർത്തികളിൽ 5000/-രൂപ നിരക്കിൽ ഡിസ്പ്ലേ ബോർഡുകൾക്ക് തുക നല്കുന്നതായി കാണുന്നു. ഡിസ്പ്ലേ ബോർഡുകൾക്കായി ടെണ്ടർ ക്ഷണിച്ചുകൊണ്ട് ഈ ചെലവ് പരിമിതപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-34 വർഷങ്ങൾക്ക് മുമ്പ് ഭവന നിർമ്മാണത്തിനായി ഭൂമി ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിൽ വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി(ഭൂമി വാങ്ങൽ, ഭവന നിർമ്മാണ ഇനങ്ങളിൽ)ഗുണഭോക്താക്കൾക്ക് തുക നല്കിയത് സംബന്ധിച്ച വിശദാംശങ്ങൾ തുടർ നിരീക്ഷണ യോഗ്യമായ വിധത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടോ പ്രത്യേക ഫയലായോ സൂക്ഷിക്കപ്പെടുന്നില്ല എന്ന് കാണുന്നു. ഇപ്രകാരം, ഭവന നിർമ്മാണ ആനുകൂല്യമായി ഭൂമി ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കപ്പെടാതെ പോകുന്നതായി കാണുന്നു.

ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് ഹാജരാക്കിയ ഫയലുകൾ പ്രകാരം 2010-11 സാമ്പത്തിക വർഷം ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം വസ്തുവാങ്ങി വീട് വയ്ക്കൽ പദ്ധതിക്ക് താഴെപറയുന്ന 5എസ്.സി വിഭാഗം ഗുണഭോക്താക്കൾക്ക് നാല് സെന്റിന് 75000/-രൂപ നിരക്കിൽ പയ്യനല്ലൂർ വാർഡിൽ(സർവ്വേ നം. 19/518-2) ഭൂമി വാങ്ങി നല്കിയിട്ടുണ്ട്-

| ക്രമ നം | ആനുകൂല്യം ലഭിച്ച വ്യക്തിയുടെ പേരും വിലാസവും |
|---|---|
| 1 | സേതുനാഥ്, കാഞ്ഞിരവിളതെക്കേതിൽ, പയ്യനല്ലൂർ |
| 2 | ഭാർഗവി, എലിമുള്ളിൽ, പയ്യനല്ലൂർ |
| 3 | ശശി, കുറ്റിതെക്കേതിൽ,പയ്യനല്ലൂർ |
| 4 | ദീപ, കൊട്ടയ്ക്കാട് തെക്കേതിൽ, പണയിൽ |

| | |
|---|---|
| 5 | ശാരദ, കൊട്ടയ്ക്കാട് വടക്കേതിൽ, പണയിൽ |

എന്നാൽ ടി ഗുണഭോക്താക്കളിൽ ഒരു വ്യക്തി (ദീപ, കൊട്ടയ്ക്കാട് തെക്കേതിൽ)മാത്രമാണ് ഭവന നിർമ്മാണം ആരംഭിച്ച് ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതെന്ന് ഭൌതിക പരിശോധനയിൽ കണ്ടു(ചിത്രം ചുവടെ-)




ഈ സ്ഥലത്തോട് അനുബന്ധിച്ച് അതേ സർവ്വേ നമ്പരിൽ സ്ഥലം ലഭിച്ച മറ്റ് ഗുണഭോക്താക്കൾ പന്ത്രണ്ട് വർഷത്തിന് ശേഷവും ഭവന നിർമ്മാണം ആരംഭിക്കുക പോലും ചെയ്യാത്തത്, മറ്റ് താമസ സൌകര്യം ഉള്ളതിനാലാണോ, വഴി സൌകര്യം ഇല്ലാത്തതിനാലാണോ എന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. മറ്റ് താമസ സൌകര്യം/ സ്ഥലം ഉണ്ടായിരുന്ന വ്യക്തികൾക്ക് ആനുകൂല്യം ലഭിക്കുകയാണ് ഉണ്ടായത് എങ്കിൽ കൂടുതൽ അർഹരായ മറ്റ് ഗുണഭോക്താക്കൾക്ക് ആനുകൂല്യത്തിനുള്ള അവസരം നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ലഭിച്ച സ്ഥലത്ത് ഭവന നിർമ്മാണത്തിനാവശ്യമായ വഴി മുതലായ ഭൌതിക സാഹചര്യങ്ങൾ ഉണ്ടായിരുന്നില്ല എന്നത് ഇതിന് കാരണമായി എങ്കിൽ ആയത് നിർവ്വഹണത്തിലെ പാളിച്ചയാണ്. ഗ്രാമപഞ്ചായത്തിൽ നിന്ന് നല്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെടേണ്ടതിന്റെ അനിവാര്യതയിലേക്കാണ് ഇപ്രകാരമുള്ള അപാകതകൾ വിരൽചൂണ്ടുന്നത്. ടി വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-35 പ്രോജക്ടുകളുടെ നിർവ്വഹണം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ പ്രധാന നിർവ്വഹണോദ്യോഗസ്ഥർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവരാണ്. എന്നാൽ ഈ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്തതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെയും പ്രോജക്ട് അടങ്കൽ-ചെലവ് വിവരങ്ങളുടെയും താരതമ്യത്തിൽ നിന്ന് മനസ്സിലാക്കുന്നത് പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല എന്നാണ്. സെക്രട്ടറി ആകെ 15852463/- രൂപയുടെ അടങ്കലുള്ള 39പ്രോജക്ടുകളിലായി ഏറ്റെടുത്തപ്പോൾ നടപ്പാക്കിയത് 7314922/- ചെലവ് വന്ന(46ശതമാനം) 19പ്രോജക്ടുകൾ മാത്രമാണ്. അതേപോലെ അസി.എഞ്ചിനീയർ69 പ്രോജക്ടുകൾ ഏറ്റെടുക്കുകയും അതിൽ 37മാത്രം നടപ്പാക്കുകയും ചെയ്തു. ഇതിൽ അടങ്കൽ 44369205/- രൂപയും ചെലവ് 17153891/-രൂപയുമാണ്(38ശതമാനം), അടങ്കലിന്റെ 50%പോലും ചെലവ് വന്നിട്ടില്ല. അടങ്കൽ -ചെലവ് താരതമ്യം താഴെ ചേർക്കുന്ന ഡയഗ്രത്തിൽ നിന്ന് വ്യക്തമാണ്.

;;;




പദ്ധതി നിർവ്വഹണം കാര്യക്ഷമമാകുന്നതിൽ നിർവ്വഹണോദ്യോഗസ്ഥർ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പ്രായോഗികത ഉറപ്പുവരുത്തിക്കൊണ്ട് നിർവ്വഹണ ക്ഷമമായ പദ്ധതികൾ ഗ്രാമസഭാ തലത്തിൽ നിന്ന് ഉയർന്ന് വരേണ്ടതും അവ ഏറ്റെടുത്ത്

പൂർണ്ണരൂപത്തിൽ നിർവ്വഹിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് അനുപേക്ഷണീയമാണ്. ടി വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-36 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ ( ധനകാര്യ, വികസന, ആരോഗ്യവും വിദ്യാഭ്യാസവും ക്ഷേമകാര്യം)മേൽനോട്ടത്തിൻ കീഴിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടുന്നത് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ സുഗമമായ നടത്തിപ്പിന് അടിസ്ഥാന പരമായ ആവശ്യകതയാണ്. പദ്ധതി ആസൂത്രണത്തിലുപരി, പ്രോജക്ട് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതും ഈ വർക്കിംഗ് ഗ്രൂപ്പുകൾ തന്നെയാണ് എന്നതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ശക്തമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയ്ക്ക് അനിവാര്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് രേഖകൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാകേണ്ടതുണ്ട് എന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | യോഗം കൂടിയ തീയതികൾ |
|---|---|---|
| 1 | സാമൂഹ്യനീതി(ഭിന്ന ശേഷിയുള്ളവർ, കുട്ടികൾ, ട്രാൻസ് ജെൻഡറുകൾ) | 25.02.2021ന് ശേഷം 06.06.2022ലാണ് യോഗം കൂടിയിട്ടുള്ളത്. ചർച്ചകളുടെ മിനിട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. ഹാജർ, തീരുമാന വിവരങ്ങൾ എന്നിവ മാത്രമാണ് രേഖപ്പെടുത്തൽ. പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നില്ല. |
| 2 | പൊതുഭരണവും ധനകാര്യവും | ടി |
| 3 | ദുരന്ത നിവാരണം, ജൈവ വൈവിദ്ധ്യം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം | 5.02.2021ന് ശേഷം യോഗം കൂടിയിട്ടില്ല |
| 4 | കൃഷി അനുബന്ധമേഖല | 25.02.2021ന് ശേഷം 06.06.2022ലാണ് യോഗം കൂടിയിട്ടുള്ളത്. ജനുവരി2022-ൽ പ്രത്യേക രേഖപ്പെടുത്തലില്ലാതെ, തീയതിയും വ്യക്തമാക്കാതെ ഹാജർ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു |
| 5 | പട്ടിക ജാതി വികസനം, പട്ടിക വർഗ്ഗ വികസനം | 18.2.21ന് ശേഷം 6.6.22ലാണ് യോഗം കൂടിക്കാണുന്നത്. ചർച്ചകളുടെ വിവരം ഇല്ല. ഹാജർ, നിർദ്ദേശങ്ങൾ മാത്രം ഉണ്ട് |
| 6 | വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം | 25.2.21ന് ശേഷം 6.6.22ലാണ് യോഗം കൂടിക്കാണുന്നത്. ചർച്ചകളുടെ വിവരം ഇല്ല. ഹാജർ, നിർദ്ദേശങ്ങൾ മാത്രം ഉണ്ട് |
| 7 | ആരോഗ്യം | ടി |
| 8 | പ്രാദേശിക സാമ്പത്തിക വികസനം, സഹകരണം(ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ) | 25.2.21-ൽ നാല് പേരുടെ ഹാജർ മാത്രം ഉണ്ട്. നിർദ്ദേശമോ, തീരുമാനമോ മറ്റ് രേഖപ്പെടുത്തലുകളോ ഇല്ല, തുടർന്ന് 6.6.22ലാണ് യോഗം കൂടിയത് |
| 9 | വർക്കിംഗ് ഗ്രൂപ്പ് ദാരിദ്ര്യ | 25.2.21ന് ശേഷം 6.6.22ലാണ് |

| | | |
|---|---|---|
| | ലഘൂകരണം(പാർപ്പിടം ഉൾപ്പെടെ) | യോഗം കൂടിക്കാണുന്നത്. ചർച്ചകളുടെ വിവരം ഇല്ല. ഹാജർ, നിർദ്ദേശങ്ങൾ മാത്രം ഉണ്ട് |
| 10 | പൊതുമരാമത്ത് | 18.2.21ന് ശേഷം 6.6.22ലാണ് യോഗം കൂടിക്കാണുന്നത്. ചർച്ചകളുടെ വിവരം ഇല്ല. ഹാജർ, നിർദ്ദേശങ്ങൾ മാത്രം ഉണ്ട് |
| 11 | കുടിവെള്ളം ശുചിത്വം | 18.2.21ന് ശേഷം 6.6.22ലാണ് യോഗം കൂടിക്കാണുന്നത്. ചർച്ചകളുടെ വിവരം ഇല്ല. ഹാജർ, നിർദ്ദേശങ്ങൾ മാത്രം ഉണ്ട് |
| 12 | മൃഗ സംരക്ഷണവും ക്ഷീരവികസനവും | 25.2.21ന് ശേഷം 6.6.22ലാണ് യോഗം കൂടിക്കാണുന്നത്. ചർച്ചകളുടെ വിവരം ഇല്ല. ഹാജർ, നിർദ്ദേശങ്ങൾ മാത്രം ഉണ്ട് |
| 13 | വനിതാ വികസനം | 18.2.21ന് ശേഷം 6.6.22ലാണ് യോഗം കൂടിക്കാണുന്നത്. ചർച്ചകളുടെ വിവരം ഇല്ല. ഹാജർ, നിർദ്ദേശങ്ങൾ മാത്രം ഉണ്ട് |

വർക്കിംഗ് ഗ്രൂപ്പുളെ ശാക്തീകരിക്കുന്ന വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-37 അക്കൗണ്ടുകൾ നിഷ്ക്രിയമായി വർഷങ്ങളായി നിലനിൽക്കുന്നു

2021-22 വാർഷിക ധനകാര്യ പത്രിക RP40(a) , RP40(b) എന്നിവയും അനുബന്ധ ബാങ്ക് പാസ്സ് ബുക്കുകളും പ്രകാരം ചുവടെ ചേർക്കുന്ന അക്കൗണ്ടുകൾ 31.03. 2015 മുതൽ നിഷ്ക്രിയമാണ്.

| ബാങ്ക് | അക്കൗണ്ട് | മുന്നിരിപ്പ്/നീക്കിയിരിപ്പ് |
|---|---|---|
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | ജലധാര | 6684 |
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | ദുരിതാശ്വാസ നിധി | 1818 |
| | ആകെ | 8502 |

ചുവടെ ചേർക്കുന്ന അക്കൌണ്ട് നിലവിൽ ഇടപാടുകൾ തുടരാതെയും നീക്കിയിരിപ്പില്ലാതെയും തുടരുന്നതായും കാണുന്നു-

| ക്രമ നം. | അക്കൗണ്ട് |
|---|---|
| 1 | Co Operative Bank-own Fund1 |

2015 മുതൽ നാളിതുവരെ നിർജ്ജീവമായിരുന്ന അക്കൗണ്ടുകളിൽ നടപടിയെടുത്തില്ല എന്നതും വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്നതും പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 പ്രൊക്യൂർമെന്റ് കമ്മിറ്റി തുടർപ്രവർത്തനം നടക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പട്ടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക , അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത

വരുത്തൽ, വിലയിരുത്തൽ തുടങ്ങികരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും , നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

പാലമേൽ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 29.10.2021 -ൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. 8 പേർ പങ്കെടുത്ത യോഗത്തിൽ, തൻവർഷം ആസൂത്രണ സമിതി അംഗീകരിച്ച് സെക്രട്ടറി,ഐസിഡിഎസ്സ് സൂപ്പർവൈസർ, എന്നിവർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിലെ വാങ്ങലുകൾ സംബന്ധിച്ച 2പേജുകളിലായുള്ള തീരുമാനങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1.വൃദ്ധർക്ക് കട്ടിൽ വാങ്ങൽ(ജനറൽ)

2.അംഗൻവാടി അവശ്യ സൌകര്യങ്ങൾ

3.എം.സി.എഫ്-ന് പിക്ക് അപ് ഓട്ടോ

4.ബയോ കമ്പോസ്റ്റ് ബിൻ

5.ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ

6.നിലാവ്(സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്)

തൻവർഷം പദ്ധതികൾ പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മ കമ്മിറ്റി ഉറപ്പു വരുത്തുന്നതിനായി കമ്മിറ്റി പിന്നീട് യോഗം ചേർന്നിട്ടില്ല.ആയതിനാൽ തന്നെ വാങ്ങിയ ഉപകരണങ്ങൾ ആവശ്യമായ ഗുണനിലവാരം പുലർത്തിയിരുന്നോ എന്നതും വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-39 ദുരിതാശ്വാസ അക്കൌണ്ട് നിഷ്ക്രിയമായി നിലനിൽക്കുന്നു.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നല്കുന്നതിന് ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ അക്കൗണ്ട് ഉള്ളതായും കാണുന്നു. എന്നാൽ വർഷങ്ങളായി ഈ അക്കൗണ്ടിന്റെ മുന്നിരിപ്പും നീക്കിയിരിപ്പും 1818/-രൂപയാണ്. തൻ വർഷം ആർക്കും ഇതിൽ നിന്നും ആനുകൂല്യം നല്കിയിട്ടില്ല എന്നും നിധിയിലേക്ക് പലിശ ഉൾപ്പെടെയുള്ള യാതൊരു വരവും ഇല്ല എന്നും കാണുന്നു.

മുൻ വർഷക്കാലങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത വിഷയം സൂചിപ്പിച്ചിട്ടുണ്ട്. എന്നിട്ടും യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിന് അധികൃതരുടെ അലംഭാവം കൊണ്ടുമാത്രമാണ്. അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-40 കെട്ടിടങ്ങളുടെ ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കിയ രേഖകൾ ഹാജരാക്കാത്ത കെട്ടിട ഉടമകൾക്ക് നികുതി നിർണ്ണയിച്ച് നമ്പർ നൽകി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും പുനർ നിർണ്ണയിക്കുന്നതിനും നിർദ്ദേശങ്ങൾ സ.ഉ.(എം.എസ്) നം 231/15 തസ്വഭവ തീയതി 09/07/2015 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും അങ്ങനെ പുതിയ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാൻ പാടുള്ളൂ.

1975 ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഡംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ ധനകാര്യ വർഷത്തെ ആഡംബര നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രം വസ്തു നികുതി അടവാക്കി രസീത് നൽകാൻ പാടുള്ളൂ.

കെട്ടിട നമ്പർ അനുവദിക്കുമ്പോൾ മേൽ സൂചിപ്പിച്ച പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ട് എന്നത്

ഉറപ്പുവരുത്തുന്നതിൽ അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പാലിക്കാതെയാണ് നിലവിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ച് നൽകുന്നതെന്ന് ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. ഒറ്റത്തവണ നികുതി ഒടുക്കുവരുത്തുകയോ ഫയൽ ചെയ്യുകയോ നിർവ്വഹിക്കാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകരുതെന്ന നിർദ്ദേശം നടപ്പിലാക്കാതെ ഗ്രാമപഞ്ചായത്ത് കെട്ടിട ഉടമകൾക്ക് നികുതി നിർണ്ണയിച്ച് നൽകിയത് അംഗീകരിക്കാനാവില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-41 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാമ്പത്തിക വർഷത്തേക്ക് ആക്ഷൻ പ്ലാൻ പ്രകാരം ആകെ 1556പ്രവർത്തികൾ ഉണ്ടായിരുന്നതിൽ 657പ്രവർത്തികളാണ് ഏറ്റെടുത്തവ. ഇവയിൽ ഭാഗികമായി നടപ്പാക്കിയ പ്രവർത്തികൾ7എണ്ണമാണ്. പാലമേൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് എല്ലാ നിർവ്വഹണോദ്യോഗസ്ഥരും ചേർന്ന് ഓഡിറ്റ് വർഷം ആകെ 154പ്രോജക്ടുകളാണ് നിർവ്വഹിച്ചിട്ടുള്ളത് എന്നിരിക്കെയാണ് ഇപ്രകാരം വിപുലമായ തോതിലുള്ള പദ്ധതി നിർവ്വഹണം. എന്നാൽ ഇത്രയും വിപുലമായ പദ്ധതി നിർവ്വഹണത്തിന്റെ പരിശോധനയ്ക്ക് മതിയായ സംവിധാനം നിലവിലില്ല. സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നുള്ള പരിശോധനയ്ക്ക് കൂടുതൽ സമയം പ്രത്യേക നിർദ്ദേശത്തിലൂടെ ലഭ്യമാക്കുകയോ/ ധനകാര്യ ഇടപാടുകൾക്കായി കൂടുതൽ സൂക്ഷ്മമായ പരിശോധനാ സംവിധാനം രൂപീകൃതമാകുകയോ ചെയ്യേണ്ടത് ആവശ്യമാണ് എന്ന് ഈ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു.

നടപ്പാക്കിയ പ്രധാന ഇനം പ്രവർത്തികൾ ചുവടെ ചേർക്കുന്നവയാണ്:-

1.റോഡ് കോൺക്രീറ്റ് പ്രവർത്തികൾ: 47

2.ലൈഫ് ഭവന നിർമ്മാണം, പി.എം.എ.വൈ ഭവനം:100

3.തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ, മൺബണ്ട്, ഭൂമി തട്ട് തിരിക്കൽ:497

4.തോട് ആഴം കൂട്ടി വശങ്ങൾ സംരക്ഷിക്കൽ:16

തൊഴിലുറപ്പ് പദ്ധതിക്കായി ഓഡിറ്റ് വർഷം വരെ ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളത് 8416 തൊഴിലാളികളാണ്. ഇവരിൽ സജീവമായുള്ളത് 3623പേരാണ്. തൻവർഷം 100തൊഴിൽദിനം ലഭിച്ചത് 812കുടുംബങ്ങൾക്കാണ്. തൊഴിലുറപ്പ് പദ്ധതിക്കായി ഭരണച്ചെലവ് ഉൾപ്പെടെയുള്ള ആകെ ചെലവ് 105707609/-രൂപയാണ്. ഈ തുകയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് മുൻകൂർ ലഭിച്ചത് റീക്കൂപ്പ് ചെയ്യുന്നത് ഉൾപ്പെടെയുള്ള ചെലവ് വരുന്നുണ്ട് (ഇത് ഗ്രാമപഞ്ചായത്ത് കണക്കിൽ മുൻവർഷത്തെ അഡ്വാൻസ് തുകയായിരിക്കും, എം.ഐ.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തൊഴിലുറപ്പ് പദ്ധതി കണക്കുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളുമായി ഇപ്രകാരം വ്യത്യാസം വരുന്നുണ്ട്) കൂടാതെ, ഫണ്ട് അലോട്മെന്റിലെ കാലവിളംബം മൂലം യഥാസമയം മെറ്റീരിയൽ ചെലവുകളുടെ തുക നല്കാതെ വരുന്നുമുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫണ്ട് ഫ്ലോ പരിശോധിക്കുന്നതിൽ ഇതും പ്രസക്തമാണ്.

## 1-42 അംഗനവാടി - അവലോകനം

പാലമേൽ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പാലമേൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 30 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 22 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 6 എണ്ണം വാടക കെട്ടിടത്തിലും 2 എണ്ണം വാടകയില്ലാതെയും പ്രവർത്തിക്കുന്നു. 29 അങ്കണവാടികളിൽ ടോയ്ലെറ്റ് സൗകര്യവും ഒന്നിൽ ബേബി ഫ്രണ്ട്ലി ടോയ്ലറ്റും ഉണ്ട്. 23 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 29അങ്കണവാടികളിൽ വൈദ്യുതി സൗകര്യം ഉണ്ട്. 30 അങ്കണവാടികളിലും കുടിവെള്ളം ലഭ്യമാണ്. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷൻ ഉണ്ട് . ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 500000 | നെൽകൃഷി വ്യാപിപ്പിക്കൽ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | പാലിയേറ്റീവ് പരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 880000 | ലൈഫ് | 880000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 498053 | അനുപൂരക പോഷകം(എസ്.സി) | 498053 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1940000 | ലൈഫ് (എസ്.സി) | 1940000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 400000 | പാലിന് സബ്സിഡി(വനിത) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | അഗതി രഹിത കേരളം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 320000 | നെൽകൃഷി വ്യാപിപ്പിക്കൽ | 320000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 240000 | ലൈഫ് | 240000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 657048 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 657048 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3670000 | ലൈഫ് (എസ്.സി) | 3670000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3380000 | ലൈഫ് (എസ്.സി) | 3380000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | പാലിന് സബ്സിഡി | 200000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | | 2160000 | 25281334 | 3637334 | 0 | 23804000 |

. *വാർഷിക കണക്ക് പ്രകാരമുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികയുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 1092522883 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 95280033 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,19,648/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 53,605 | ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ, സെക്രട്ടറി |
| 1-18 | 1,60,815 | ദീപ്തി നായർ, സെക്രട്ടറി |
| 1-21 | 1,00,668 | ദീപ്തി നായർ, സെക്രട്ടറി |
| 1-27 | 1,04,560/- | ഡോ.ഷാരോൺ ദാസ്, എം.ഒ, പി.എച്ച്.സി |
| ആകെ | 419648 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-25: 3710/-
1-26: 6064/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ദീപ്തി നായർ | സെക്രട്ടറി, പാലമേൽ ഗ്രാമപഞ്ചായത്ത് | പുത്തൻ കണ്ടത്തിൽ,മുതുകുളം പി.ഒ, കായംകുളം |
| ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ സെക്രട്ടറി | സെക്രട്ടറി,എടത്വ ഗ്രാമപഞ്ചായത്ത് | പ്രയാർ പി.ഒ, കായംകുളം |
| ഇന്ദുലേഖ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ ,പാലമേൽ | എരമത്ത് ഹൗസ്,കളവംകോടം,പി.ഒ,ചേർത്തല |
| ഡോ.ഷാരോൺ ദാസ്, എം.ഒ, പി.എച്ച്.സി | എം.ഒ, പി.എച്ച്.സി, പാലമേൽ | കലാദിയം ഹൌസ്, കടവൂർ പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച |
|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ .പി6-369/2014 /9.6.14 |
| 2012-13 | എൽ.എഫ്.പി6—149/2015/30.03.15 |
| 2013-14 | എൽ.എഫ്.എ.പി6—1077/2015 /1.9.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി6/823 /16/28.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി 6/1332/16/02.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി 6/1369/17/15.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി 6/153/2019/16.05.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി 3/807/2020/30-12-2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.3/358 /2022/ 27/03/2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി- പി.3/567/2022 /3.07.2022 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്